പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 4027

18/10/2011-ൽ മറുപടി
നല്കേണ്ടിയിരുന്നത്

## ഹാരിസൺ മലയാളം പ്ലാന്റേഷൻസിനെ സംബന്ധിച്ച ആരോപണം

**ചോദ്യം**

ശ്രീ. സി. മോയിൻകുട്ടി
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. എം. ഉമ്മർ

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഹാരിസൺ മലയാളം പ്ലാന്റേഷൻസിന്റെ അധീനതയിലെ തോട്ടങ്ങൾ അനധികൃതമായും, നിയമവിരുദ്ധമായും കൈവശപ്പെടുത്തിയതാണെന്ന ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ;

(എ) സംസ്ഥാനത്ത് ഹാരിസൺ മലയാളം ലിമിറ്റഡ് എന്ന സ്ഥാപനം കൈവശം വച്ചിട്ടുള്ള ഭൂമികളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഒരു ഹൈപവർ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ജി.ഒ.(ആർ.റ്റി) നം. 6562/05/റവന്യൂ തീയതി 16/12/2005 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉന്നതതല സമിതി 27/09/2007ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശകൾ പ്രകാരം സർക്കാരിന് നിയമോപദേശം നല്കുന്നതിനായി ശ്രീ. എൽ. മനോഹരൻ, റിട്ട. ജഡ്ജിയെ നിയമിച്ചു. അതോടൊപ്പം ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വച്ചു പോരുന്ന ഭൂമികളെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് തരുന്നതിന് അസിസ്റ്റന്റ് കമ്മീഷണർ ഡോ. ഡി. സജിത്ത് ബാബുവിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘത്തെ 10/09/2009ൽ നിയോഗിച്ചു. മേൽ പറഞ്ഞ പ്രത്യേക അന്വേഷണ സംഘം 06/01/2010ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഹാരിസൺ പ്ലാന്റേഷൻസിന്റെ കീഴിൽ ഭൂമി നിയമവിരുദ്ധമായി മറിച്ചു വിറ്റതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ബി) ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശത്തിലുള്ള ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് ഡോ. ഡി. സജിത് ബാബു അന്വേഷണം നടത്തി സമഗ്രമായ റിപ്പോർട്ട് ശുപാർശകൾ സഹിതം 06/01/2010ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ഭൂമി കൈമാറ്റം നടത്തിയതു സംബന്ധിച്ച വസ്തുതകളുടെ വിശകലനം ഉൾപ്പെടുന്നുണ്ട്.

(സി) ഹാരിസൺ കമ്പനിയുടെ കീഴിലെ അനധികൃത കൈവശഭൂമിയും, പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയും തിരിച്ചെടുക്കുന്നതു സംബന്ധിച്ച തീരുമാനങ്ങൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ; കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിശദവിവരം നൽകാമോ?

(സി) ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് പരിശോധിക്കുന്നതിന് രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി 26/08/2008ൽ കൂടിയ യോഗത്തിൽ ലീസ് പിരീഡ് കഴിഞ്ഞിട്ടും നിയമവിരുദ്ധമായി ഹാരിസൺ മലയാളം ലിമിറ്റഡ് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചെടുക്കുന്നതിനും കേരള ഭൂപരിഷ്കരണ നിയമത്തിന്റെ സീലിംഗ് പരിധിക്കു പുറത്തുള്ള ഭൂമി തിരിച്ചെടുക്കുന്നതിനും ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിശദവിവരം അനുബന്ധം 1ൽ നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.